## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6789** **2/11/2011 -ൽ മറുപടിക്ക്**

## സമ്പൂർണ്ണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എം.എ. വാഹീദ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിൽ സമ്പൂർണ്ണ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്. | (എ) 'സമ്പൂർണ'- ഒരു ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയർ ആണ്. സ്കൂൾതല പ്രവർത്തനങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ സുതാര്യവും ലളിതവുമാക്കാൻ പ്രധാനാധ്യാപകരെ സഹായിക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്, കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപക-അനാധ്യാപക ജീവനക്കാർ എന്നിവരെ സംബന്ധിക്കുന്ന വിവിധ റിപ്പോർട്ടുകൾ, വിവിധ സ്കോളർഷിപ്പുകൾക്കാവശ്യമായ ലിസ്റ്റുകൾ, പ്രോഗ്രസ് റിപ്പോർട്ട്, പ്രമോഷൻ ലിസ്റ്റ് തുടങ്ങിയവ തയ്യാറാക്കുന്നത് 'സമ്പൂർണ'യിലൂടെ ആയാസരഹിത പ്രവർത്തനങ്ങളായി മാറും. പത്താം തരത്തിലെ A ലിസ്റ്റ്, സ്പോർട്സ്, സ്കൂൾ കലോത്സവം തുടങ്ങിയ മത്സര ഇനങ്ങൾക്കാവശ്യമായ പ്രവേശന ഫോറങ്ങൾ സ്കൂൾ കലോത്സവം തുടങ്ങിയ മത്സര ഇനങ്ങൾക്കാവശ്യമായ പ്രവേശന ഫോറങ്ങൾ തയ്യാറാക്കൽ എന്നിവയും സമ്പൂർണയിലൂടെ സാധ്യമാകും. ടൈംടേബിൾ തയ്യാറാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | സോഫ്റ്റ് വെയറും സമ്പൂർണയിലുണ്ട്. ഇതിനു പുറമെ എ.ഇ.ഒ., ഡി.ഇ.ഒ, ഡി.ഡി., ഡി.പി.ഐ, ഗവൺമെന്റ് സെക്രട്ടറി തലത്തിലുള്ള ഓഫീസുകൾക്കാവശ്യമായ ഭരണപരമായ വിവരങ്ങളും ഓൺലൈനായി 'സമ്പൂർണ' വഴി ലഭിക്കും. |
| (ബി) | ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; | (ബി) | പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 8,9,10 ക്ലാസുകളിലെ വിദ്യാർത്ഥികളുടെ വിവരശേഖരണം നടത്തുന്നതിന് പ്രത്യേകം തയ്യാറാക്കിയ ഫോറം സ്കൂളുകൾക്ക് നൽകി ഓരോ വിദ്യാർത്ഥിയുടെയും വിവരശേഖരണം നടത്തിയിട്ടുണ്ട്. പത്താം ക്ലാസിലെ എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ ഓൺലൈനിൽ ഡേറ്റാ എൻട്രി നടത്തിക്കഴിഞ്ഞു. 2012 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ആവശ്യമായ വിവരങ്ങൾ ഈ സോഫ്റ്റ് വെയറിൽ (സമ്പൂർണ) നിന്ന് ലഭ്യമാക്കുന്നതിന് ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (സി) | ഇത് എന്നു മുതൽ നടപ്പിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (സി) | ഈ വർഷം തന്നെ ഇതിന്റെ ഉപയോഗം നടപ്പിൽവരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ